Talented Bankers Literary Panel
പുസ്തക പരിചയം 186.

ഛായാമരണം.
പ്രവീൺ ചന്ദ്രൻ

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

പ്രവീൺ ചന്ദ്രന്റെ പുതിയ കുറ്റാന്വേഷണ നോവലാണ് ഛായാമരണം... പൊതുവേ ക്രൈം ഫിക്ഷനുകൾ വായിക്കുന്ന പതിവില്ല. അടുത്ത സുഹൃത്തുക്കൾ എഴുതിയ അപൂർവം ചില കുറ്റാന്വേഷണ നോവലുകളെ അടുത്തിടെ വായിച്ചിട്ടുള്ളൂ. വളരെ അടുപ്പമുള്ള ഒരു സുഹൃത്താണ് ഈ നോവലിനെ എനിക്ക് പരിചയപ്പെടുത്തിയതും വായിക്കാൻ ഇടയാക്കിയതും. അതുകൊണ്ട് നല്ലൊരു പുസ്തകം വായിക്കാൻ സാധിച്ചു.

ഛായാമരണം എന്നാൽ മരണത്തിന്റെ ഛായയുള്ളത്... ഇത് ഒരു ഛായാ കുറ്റാന്വേഷണ നോവൽ ആണ്. കുറ്റാന്വേഷണ നോവലിന്റെ ഛായ മാത്രം. എഴുത്ത് യഥാർത്ഥ ജീവിതം തന്നെയാണ്. കുടുംബബന്ധങ്ങളുടെ ആഴവും സങ്കീർണ്ണതകളും ഉള്ള, സുഹൃത് ബന്ധങ്ങളുടെ വിശ്വാസതയും
ചതിയും ഉള്ള ഒരു ഉഗ്രൻ എഴുത്ത്.

ഭാര്യയും ഒരു മുതിർന്ന കുട്ടിയുമുള്ള ഒരു പ്രൊഫസർ തന്റെ സുഹൃത്തും എഴുത്തുകാരിയുമായ ഒരു വിധവയോടൊപ്പം വയനാട്ടിലെ ഒരു റിസോർട്ടിൽ താമസിക്കുന്നത് മുതൽ തുടങ്ങുന്ന നോവൽ അവിടെ വെച്ച് കൊല്ലപ്പെട്ട ഒരു പെൺകുട്ടിയുടെയും അതിനു കുറച്ചു ദിവസം മുമ്പ് കൊല്ലപ്പെട്ട മറ്റൊരാളുടെയും പിറകെ ഒഴുകാൻ തുടങ്ങുന്നു..... ഒപ്പം നമ്മളും...

സൈബർ ഇടങ്ങളുടെ സുരക്ഷിതത്വവും അതിന്റെ അപാകതയും എഴുത്തുകാരന്റെ ഗണിതശാസ്ത്രത്തിലും വായനയിലും ഉള്ള അത്യാവശ്യം നല്ല അറിവുകളും നോവലിൽ ഉടനീളം കാണാം. ക്രൈം ഫിക്ഷനിലും പുസ്തകങ്ങളോടും വായനയോടുമുള്ള അടങ്ങാത്ത സ്നേഹം എഴുത്തുകാരൻ പലയിടത്തായി പങ്കുവെക്കുന്നുണ്ട്.

ഒരിടത്ത് അദ്ദേഹം എഴുതി
"പല കാലത്ത് വാങ്ങിയ പുസ്തകങ്ങൾ. പല കാലത്തു വായിച്ച പുസ്തകങ്ങൾ. ഓരോ പുസ്തകം സ്പർശിക്കുമ്പോഴും ഓരോരോ കാലത്തേക്ക്

സഞ്ചരിക്കുന്ന അനുഭവം. ആ കാലത്തെ ഓർമ്മകൾ ചെറിയ ശിഥിലചിത്രങ്ങളായി മനസ്സിൽ മിന്നിമറിഞ്ഞു."

വായന കഴിഞ്ഞ ഈ പുസ്തകവും ഞാൻ ഷെൽഫിൽ സൂക്ഷിക്കാൻ പോവുകയാണ്. എന്നെങ്കിലും സ്പർശിക്കുമ്പോൾ വലിയ ദൃഢചിത്രമായി മനസ്സിൽ ഓടിയെത്താൻ.

ഒരു മാതൃഭൂമി പ്രസിദ്ധീകരണം.
വില - Rs.270/-